LIBRARY ARCHIVES Kerala Legislative Assembly

എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികൾക്ക് സ്കോളർഷിപ്പ്

328 (3615) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ ദുരിത ബാധിതരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നിലവിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഈ അദ്ധ്യായന വർഷം നാളിതുവരെ ഈ പദ്ധതിയുടെ കീഴിൽ തുക അനുവദിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇതിനായി എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്കോളർഷിപ്പ് തുക എന്ന് നൽകും എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് ഒരു അദ്ധ്യയന വർഷത്തിലേയ്ക്ക് പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി 1 മുതൽ 7-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് 2000 രൂപ വീതവും 8 മുതൽ 10-ാം ക്ലാസ്സുവരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 3000 രൂപ വീതവും 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 4000 രൂപ വീതവും ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം നൽകുന്നു.

(ബി) 2014-15 അദ്ധ്യയന വർഷം വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2014-15 വർഷം 70 ലക്ഷം രൂപ വേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചാലുടൻ വിതരണം ചെയ്യുന്നതാണ്.

സാമൂഹ്യക്ഷേമ ദിനാചരണം

329 (3617) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷത്തെ സാമൂഹ്യക്ഷേമ ദിനാചരണം എവിടെവെച്ചാണ് ആഘോഷിച്ചത് ;

(ബി) പ്രസ്തുത ദിനാഘോഷത്തിന് സാമൂഹ്യനീതി വകുപ്പിൽ നിന്നും ഇതിന്റെ കീഴിലുള്ള വിവിധ ഏജൻസികളിൽ നിന്നും ചെലവിനങ്ങളിലേക്കായി എത്ര രൂപയാണ് സ്വരൂപിച്ചത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) കാസർഗോഡ് മുനിസിപ്പൽ സ്റ്റേഡിയത്തിൽ നടന്ന സാമൂഹ്യക്ഷേമ ദിനാചരണത്തിന് എത്ര തുക ചെലവായിട്ടുണ്ടെന്ന് വിശദമാക്കാമോ ?